താഴെ പറയുന്ന ഭാഗിക അപകടങ്ങൾക്ക് പരമാവധി 50,000 രൂപ വരെ ഇൻഷ്വറൻസ് തുക നൽകി വരുന്നുണ്ട്.

1. രണ്ടു കൈകൾ നഷ്ടപ്പെട്ടാൽ.
2. രണ്ടു കാലുകൾ നഷ്ടപ്പെട്ടാൽ.
3. രണ്ടു കണ്ണുകൾ നഷ്ടപ്പെട്ടാൽ.
4. ഒരു കണ്ണും ഒരു കാലും ഒരു കൈയും നഷ്ടപ്പെട്ടാൽ. അപകടംമൂലം രണ്ട് കൈകളോ അഥവാ രണ്ടു കാലുകളോ, അഥവാ രണ്ട് കണ്ണിന്റെ കാഴ്ച ശക്തിയോ അഥവാ കൈകാൽ, കണ്ണ് ഇവയിൽ ഏതെങ്കിലും രണ്ടെണ്ണമോ പൂർണ്ണമായി നഷ്ടപ്പെട്ടാൽ പ്രീമിയം അടച്ചവർക്ക് ഒന്നരലക്ഷം രൂപയും പ്രീമിയം അടക്കാത്തവർക്ക് 50,000 രൂപയും നൽകും.

   അപകടംമൂലം ഒരു കൈയോ ഒരു കാലോ ഒരു കണ്ണിന്റെ കാഴ്ചശക്തിയോ പൂർണ്ണമായി നഷ്ടപ്പെട്ടാൽ പ്രീമിയം അടച്ചവർക്ക് 75,000 രൂപയും പ്രീമിയം അടയ്ക്കാത്തവർക്ക് 25,000 രൂപയും നൽകും.

   അപകടംമൂലം പൂർണ്ണമായും സ്ഥിരമായും ശാരീരികശേഷി നഷ്ടപ്പെടുകയാണെങ്കിൽ പ്രീമിയം അടച്ചവർക്ക് ഒന്നര ലക്ഷം രൂപയും പ്രീമിയം അടക്കാത്തവർക്ക് 50,000 രൂപയും നൽകും.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജീവനക്കാരുടെ കുറവ്

86 (1187) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷേമനിധി അംഗങ്ങളുടെ വർദ്ധനവിനനുസരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

87 (1188) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഓരോന്നും വഴി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമാനസ്വഭാവമുള്ള ആനുകൂല്യങ്ങൾ ഇവ ഓരോന്നും നല്കുന്നുണ്ടോ ;

(സി) ഇവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
2. ഫിഷറീസ് ഡിസ്പെൻസറി
3. സാനിട്ടേഷൻ പദ്ധതി
4. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി
5. മത്സ്യഭവനുകൾ
6. പത്താം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള മെച്ചപ്പെട്ട ഭവന നിർമ്മാണ പദ്ധതി
7. ഫിഷറീസ് റോഡുകൾ
8. ശുദ്ധജല വിതരണ പദ്ധതി
9. സമ്പാദ്യ ആശ്വാസ പദ്ധതി
10. തീരജ്യോതി

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. സഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതി
2. ബാങ്കബിൾ സ്കീം
3. പരമ്പരാഗത വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്ന പദ്ധതി
4. മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി
5. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യവികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി
6. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി
7. നവീന മാതൃകയിലുള്ള മത്സ്യബന്ധനയാനങ്ങൾ വിതരണം ചെയ്യൽ
8. കടലോരലേല സമ്പ്രദായ റിവോൾവിംഗ് ഫണ്ട്
9. കോൾഡ് ചെയിൻ പദ്ധതി
10. കാസർഗോഡ് ചെമ്മീൻ കരാർ
11. റീറ്റെയിൽ ഫിഷ്മാർക്കറ്റിംഗ്
12. മത്സ്യവിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി
13. വാറണ്ടി റിപ്പയർഷോപ്പുകൾ ഒ.ജി.എം. വർക്ക്ഷോപ്പുകൾ
14. സർവോ-മത്സ്യഫെഡ് 2-റ്റി ഓയിൽ

890/2010.

LIBRARY ARCHIVES Kerala Legislative Assembly

15. എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത ഉൾനാടൻ മത്സ്യവികസന പദ്ധതി
16. അലങ്കാര മത്സ്യകൃഷി വികസന പദ്ധതി
17. ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ
18. വനിതാ ബസ് സർവ്വീസ്
19. മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി
20. ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം
21. മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്കുമുള്ള പ്രോത്സാഹനം

മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ്
2. അപകട ചികിത്സാ ധനസഹായം
3. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടും അല്ലാതെയുമുണ്ടാകുന്ന മരണം-ആശ്രിതർക്കു ധനസഹായം
4. വിവാഹ ധനസഹായം
5. വാർദ്ധക്യകാല പെൻഷൻ
6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
7. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായപദ്ധതി
8. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
9. എസ്.എസ്.എൽ.സി. ക്യാഷ് അവർഡ്-തുടർവിദ്യാഭ്യാസത്തിനു ധനസഹായം
10. കുടുംബ സംവിധാന പദ്ധതി
11. മാരകരോഗ ചികിത്സാപദ്ധതി
12. ചെയർമാൻസ് റിലീഫ് ഫണ്ട്
13. നേത്രജ്യോതി
14. ബോർഡിന്റെ പ്രത്യേക ധനസഹായം
15. പ്രസവ ശുശ്രൂഷയ്ക്കുള്ള സഹായ പദ്ധതി
16. ഉന്നത വിദ്യാഭ്യാസപ്രോത്സാഹന പദ്ധതി
17. മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി
18. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പദ്ധതി
19. ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡും മത്സ്യ തൊഴിലാളിക്ഷേമനിധി ബോർഡും പ്രത്യേകം പ്രത്യേകം നടപ്പിലാക്കുന്നുണ്ട്.

(സി) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമികസഹകരണ സംഘങ്ങളിലെ അംഗങ്ങളായുള്ള മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിനു അർഹതയുള്ളു. അതേസമയം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതി മത്സ്യ വിപണന തൊഴിലാളികൾ ഉൾപ്പെടെ മത്സ്യമേഖലയിലെ എല്ലാ തൊഴിലാളികൾക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly